പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3624 30.01.2014 ൽ മറുപടിക്ക്

**ഐ.ആർ.ബി. സ്കോർപ്പിയോൺസ് സേന**

| ചോദ്യം<br>**ശ്രീ.എം.ഉമ്മർ** | മറുപടി<br>**രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| **എ)** സംസ്ഥാനത്ത് സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി കേന്ദ്രസഹായത്തോടെ രൂപീകരിച്ച ഇന്ത്യൻ റിസർവ്വ് ബറ്റാലിയന്റെ (സ്കോർപ്പിയോൺസ്)അംഗബലം എത്രയാണ്; വിശദാംശം നൽകുമോ; | **(എ)** 2008-ലെ ആഭ്യന്തര വകുപ്പിലെ ഉത്തരവ് പ്രകാരം ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ സേനാംഗങ്ങളുടെ മൊത്തം അംഗബലം 675 ഉം അതിൽ റെഗുലർ വിംഗ് സേനാംഗങ്ങൾക്കായി 475 ഉം കമാൻഡോ വിംഗ് സേനാംഗങ്ങൾക്കായി 200 ഉം തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ ഇപ്പോൾ റെഗുലർ വിംഗിന്റെ ആദ്യ ബാച്ചിൽ 218 ഉം രണ്ടാം ബാച്ചിൽ 68 ഉം ആയി മൊത്തം അംഗബലം 286 ആണ്. |
| **ബി)** പ്രസ്തുത സേനയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള സേവനങ്ങൾ എന്തെല്ലാം; വിശദാംശം നൽകുമോ; | **(ബി)** ഭീകരാക്രമണം, തീവ്രവാദ ഭീഷണി, വർഗ്ഗീയ സംഘർഷം എന്നിവ തടയുക, ക്രമസമാധാന പരിപാലനം എന്നിവ പ്രസ്തുത സേനാംഗങ്ങളുടെ ഡ്യൂട്ടിയാണ്. |
| **സി)** പ്രസ്തുത സേനയുടെയും കേരള പോലീസിന്റെയും ട്രെയിനിംഗ്, ഡ്യൂട്ടി, വേതനവ്യവസ്ഥകൾ എന്നിവയിലുള്ള വ്യത്യാസം എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | **(സി)** ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ സേനാംഗങ്ങൾക്ക് 18 മാസത്തെ പരിശീലനമാണ് നൽകി വരുന്നത്. മറ്റു സേനാ വിഭാഗങ്ങൾക്ക് 9 മാസത്തെ പരിശീലനമാണ് നൽകി വരുന്നത്. ഭീകരാക്രമണം, തീവ്രവാദഭീഷണി, വർഗ്ഗീയ സംഘർഷം എന്നിവ തടയുക ക്രമസമാധാന പരിപാലനം എന്നിവ ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ സേനാംഗങ്ങളുടെ ഡ്യൂട്ടിയാണ്. |

| | |
|---|---|
| | ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ റെഗുലർ വിംഗ് സേനാംഗങ്ങൾക്കും കേരള പോലീസിലെ മറ്റു സേനാംഗങ്ങൾക്കും ഒരേ വേതന വ്യവസ്ഥക ളാണ് നിലവിലുള്ളത്. |
| **ഡി)**ഐ.ആർ.ബി സ്കോർപ്പിയോൺസിന്റെ വേതനവ്യവസ്ഥകൾ സംബന്ധിച്ച എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ; | **ഡി)** നിലവിലില്ല. |
| **ഇ)** ജി.ഒ (എം.എസ്) 637/ഫിൻ. തീയതി 19.11.2012 ൽ പുറപ്പെടുവിച്ച ഉത്തരവിലെ ആനുകൂല്യങ്ങൾ. ഐ.ആർ.ബി (സ്കോർപ്പി-യോൺസിന്) ബാധകമാണോ; ഇല്ലെങ്കിൽ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;<br>**(എഫ്)** പ്രസ്തുത സേനയ്ക്ക് റിസ്ക് അലവൻസ്, യൂണിഫോം അലവൻസ് എന്നിവ വർദ്ധിപ്പി-ക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ? | **(ഇ) & (എഫ്)** ഇല്ല. ഭീകര പ്രവർത്തനങ്ങൾ തടയുക, ബോംബുകൾ നിർവ്വീര്യമാക്കുക, തട്ടിക്കൊണ്ടുപോയി ബന്ദികളാക്കുന്നവരെ മോചിപ്പിക്കുക, റെയ്ഡുകൾ നടത്തി ഭീകരരെ നേരിടുക എന്നീ വളരെ അപകട സാദ്ധ്യതയുള്ള ഡ്യൂട്ടികളാണ് ഐ.ആർ.ബി കമാൻഡോ വിഭാഗ ത്തിനായി നിഷ്കർഷിച്ചിട്ടുള്ളത്. ആയതിനാലാണ് പ്രസ്തുത ഉത്തരവ് പ്രകാരം ഐ.ആർ.ബി കമാൻഡോ വിംഗിന് പ്രത്യേക ആനുകൂല്യങ്ങൾ നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ

FB